# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.429 — 27/09/2016-ൽ മറുപടിക്ക്

### ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സെക്ഷൻ ഓഫീസ് നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് അധികൃതർ ഒരു സെക്ഷൻ ഓഫീസ് നിർമ്മിക്കണമെന്ന നിവേദനം വൈദ്യുതി വകുപ്പിന് നൽകിയതിൽ എന്തെങ്കിലും പഠനമോ റിപ്പോർട്ടോ ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) & (സി) | ഉണ്ട്. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000 ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000 ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വളാഞ്ചേരി, എടയൂർ എന്നീ സെക്ഷനുകളുടെ കാര്യത്തിൽ വരാത്തതിനാൽ ഇവ വിഭജിച്ച് ഇരിമ്പിളിയത്ത് പുതിയ സെക്ഷൻ രൂപീകരിക്കുന്നത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. |
| (ബി) | റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ എടുത്ത നടപടികൾ എന്തെല്ലാം; | | |
| (സി) | ഇരിമ്പിളിയം പഞ്ചായത്തിൽ സെക്ഷൻ ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ